# 13-ാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ:*216** **14/02/2013-ൽ മറുപടിയ്ക്ക്**

**അരിവാൾ രോഗം ബാധിച്ച പട്ടികവർഗ്ഗക്കാർക്ക് പെൻഷൻ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. എം. പി. വിൻസെന്റ് | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | അരിവാൾ രോഗം ബാധിച്ച പട്ടിക വർഗ്ഗക്കാർക്ക് പെൻഷൻ നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) & (ബി) | അരിവാൾ രോഗം ബാധിച്ച പട്ടിക വർഗ്ഗക്കാർക്ക് പ്രതിമാസം 1,000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതിക്ക് 12.12.2012 ലെ സർക്കാർ ഉത്തരവ് (സാധാ) നം.1576/12/ പജപവവിവ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.<br>(ഉത്തരവിന്റെ പകർപ്പ് അനുബന്ധം-I ആയി ചേർക്കുന്നു.) |
| (ബി) | പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം; | | |
| (സി) | ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) | പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | രോഗികളുടെ ജില്ലതിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. (അനുബന്ധം-II ആയി ചേർക്കുന്നു) 2012 ഡിസംബർ മുതൽ രോഗികൾക്ക് ധനസഹായം |

| | | | |
|---|---|---|---|
| | | | നൽകുന്നതിന് 12.12.2012 ലെ സർക്കാർ ഉത്തരവ്(സാധാ)നം.1576/12/പജപവവിവ. പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ധനസഹായം രോഗികൾക്ക് ബാങ്ക് വഴി നൽകുന്നതിനാൽ രോഗിയുടെ പേരിൽ ബാങ്കിൽ അക്കൗണ്ട് തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് ഉടൻ തന്നെ പൂർത്തിയാക്കി രോഗികൾക്ക് ബാങ്ക് വഴി ധനസഹായം അനുവദിച്ചു നൽകുന്നതാണ്. |

**സെക്ഷൻ ആഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്